**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4273** **28-10-2021 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് വൻ തോതിൽ ഇറക്കുമതി ചെയ്യുന്ന കയർ ഭൂവസ്ത്രം സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നതിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണം പദ്ധതിയ്ക്കും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്ര പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവെച്ച കയർ ഭൂവസ്ത്ര ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളായ കയർഫെഡ്, ഫോംമാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കയർ ഭൂവസ്ത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. 2021 വെർച്വൽ 'കയർ കേരള്'-യിൽ 121 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇപ്രകാരം കയറുല്പാദനം വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദിപ്പിക്കുന്ന കയറിന് കേരളത്തിനകത്ത് തന്നെ വിപണി കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ